# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 657

07.01.2014-ലെ
മറുപടിയ്ക്ക്

## ജല - വായു മലിനീകരണ സാധ്യതയനുസരിച്ച് വ്യവസായ സ്ഥാപനങ്ങളുടെ തരംതിരിക്കൽ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) ജല - വായു മലിനീകരണ സാധ്യത യനുസരിച്ച് ഏതെല്ലാം വ്യവസായ സ്ഥാപനങ്ങളെയാണ് വിവിധ കാറ്റഗറികളിലായി തിരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കുമോ ; | എ) മലിനീകരണ സാധ്യതയനുസരിച്ച് 79 തരം വ്യവസായ സ്ഥാപനങ്ങളെ 'റെഡ്' വിഭാഗത്തിലും 57 തരം വ്യവസായ സ്ഥാപനങ്ങളെ 'ഓറഞ്ച്' വിഭാഗത്തിലും 68 തരം വ്യവസായ സ്ഥാപനങ്ങളെ 'ഗ്രീൻ' വിഭാഗത്തിലുമായി തരംതിരിച്ചിട്ടുണ്ട്. നിലവിലുള്ള കാറ്റഗറൈസേഷൻ ലിസ്റ്റ് അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു. |
| ബി) റെഡ്, ഓറഞ്ച്, ഗ്രീൻ കാറ്റഗറി കളിലായുള്ള വ്യവസായ സ്ഥാപന ങ്ങൾ സ്ഥാപിക്കുന്നതിന് സ്വീകരി ച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ യാണെന്ന് വിശദമാക്കുമോ; | ബി) റെഡ്, ഓറഞ്ച്, ഗ്രീൻ വിഭാഗത്തിൽവരുന്ന വൻകിട, ഇടത്തര, ചെറുകിട സ്ഥാപനങ്ങൾ സ്ഥാപിക്കുമ്പോൾ അടുത്തുള്ള വീടുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, കോടതി മുതലായ പൊതു സ്ഥാപനങ്ങൾ എന്നിവ തമ്മിൽ പാലിക്കേണ്ട കുറഞ്ഞ ദൂരപരിധി സംബന്ധിച്ച മാനദണ്ഡങ്ങൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഏർപ്പെടുത്തി യിട്ടുണ്ട്. കൂടാതെ ക്രഷറുകൾ, ക്വാറികൾ, പ്ലൈവുഡ് യൂണിറ്റുകൾ, പന്നി വളർത്തൽ കേന്ദ്രങ്ങൾ തുടങ്ങിയ വ്യവസായങ്ങൾക്ക് പ്രത്യേക ദൂരപരിധി നിഷ്കർഷിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു. |
| സി) പ്രസ്തുത കാറ്റഗറികളിലുള്ള എത്ര വ്യവസായങ്ങൾ നിലവിൽ കേരള ത്തിലുണ്ടെന്ന് വെളിപ്പെടുത്തുമോ? | സി) മേൽ കാറ്റഗറികളിൽ ഉൾപ്പെടുത്തി ഏകദേശം 15000 ത്തോളം സ്ഥാപനങ്ങളെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്